TB Movie Panel Review

പാവ കഥൈകൾ (പാപ കഥകൾ )

Written By Arjun Anand

അടിസ്ഥാനപരമായി ഒരേ വിഷയം കൊണ്ട് കോർത്തിണക്കിയ, എന്നാൽ വ്യത്യസ്തമായ അവതരണവും കഥാ പശ്ചാത്തലവും ഉള്ള ചെറുസിനിമകളുടെ ഒരു ശേഖരം ആണ് ആന്തോളജി സിനിമകൾ.... സുവിസ്തരമായ സിനിമകൾ വലിയ സ്ക്രീനുകൾക്ക് വേണ്ടി തയ്യാറാക്കുന്ന സംവിധായകർക്ക് ഒരു വെല്ലുവിളി തന്നെ ആണ് പതിനഞ്ചോ മുപ്പതോ മിനിട്ടുകൊണ്ട് ഒരു തീവ്രമായ ആശയം പ്രേക്ഷകരുമായി സംവദിക്കുന്ന ചെറുചിത്രം ഒരുക്കുക എന്നത്... തീയേറ്റർ റിലീസിനായി അത്തരം ചിത്രങ്ങൾ ഒരുക്കുമ്പോൾ, തീയേറ്ററിലെ ആൾക്കൂട്ടത്തിന്റെ മനോഭാവം, ചിത്രത്തിന്റെ സാമ്പത്തിക വിജയം, തുടങ്ങി ഒരുപാട് ഘടകങ്ങൾ തീർച്ചയായും സൃഷ്ടാവിനെ അലട്ടും... പക്ഷെ ഓ ടി ടി പ്ലാറ്റ്‌ഫോമിൽ റിലീസ് ചെയ്യുവാനായി അത്തരം ചിത്രങ്ങൾ ഒരുക്കുമ്പോൾ സംവിധായകന് ലഭിക്കുന്ന സ്വാതന്ത്ര്യം കൂടുതൽ ആണ്...തീയേറ്ററിൽ സിനിമ ആസ്വദിക്കുന്ന പ്രേക്ഷകന്റെ മനോഭാവം അല്ല ഒ ടി ടി പ്ലാറ്റഫോമിൽ സിനിമ കാണുന്ന പ്രേക്ഷകനുള്ളത്.. തുടർച്ച ആയിട്ടല്ലാതെ, ഓരോ ചെറുചിത്രമായി കാണുവാൻ ഉള്ള സൗകര്യവും ഉണ്ട്... അതുകൊണ്ട് തന്നെ പ്രമേയത്തോട് തന്നാൽ കഴിയും വിധം നീതി പുലർത്തി ഉള്ളടക്കം ആവശ്യപ്പെടുന്ന തീവ്രതയോടെ അവതരിപ്പിക്കുവാൻ സംവിധായകർക്ക് കഴിയും.. വെള്ളിത്തിരയിൽ കഴിവ് തെളിയിച്ച നാല് സംവിധായകരുടെ, അത്തരം ആത്മാർത്ഥത നിറഞ്ഞ ഒരു ശ്രമം ആണ് "പാവ കഥൈകൾ "...

സുധ കൊങ്ങരയുടെ "തങ്കം ", വിഘ്‌നേശ് ശിവന്റെ "ലവ് പണ്ണ ഉട്രനും ", ഗൗതം വാസുദേവ മേനോന്റെ "വാൻമകൾ ", വെട്രിമാരന്റെ "ഊർ ഇരവ് " തുടങ്ങി നാല് ചെറുചിത്രങ്ങളുടെ ശേഖരം ആണ് പാവ കഥൈകൾ... നമ്മുടെ രാജ്യത്ത് ചില ഇടത്തെങ്കിലും ഈ ഇരുപത്തി ഒന്നാം നൂറ്റാണ്ടിലും നടക്കുന്ന പ്രാകൃതം എന്നോ മൃഗീയം എന്നോ വിശേഷിപ്പിക്കാവുന്ന 'അഭിമാന (ദുരഭിമാന ) കൊലപാതകങ്ങളെ " അടിസ്ഥാനമാക്കിയാണ് നാല് ചിത്രങ്ങളും എഴുതപ്പെട്ടിട്ടുള്ളത്... പ്രണയം, സൗഹൃദം, ജാതി വേർതിരിവ്, അഭിമാനം, ദുരഭിമാനം അങ്ങനെ ഒരുപാട് തലങ്ങളിലൂടെ കടന്ന് പോകുന്നുണ്ട് ചിത്രം...

തങ്കം

----------

സുധകൊങ്കരയുടെ സംവിധാനത്തിൽ കാളിദാസും ശന്തനുവും ഭവാനി ശ്രീയും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച ചിത്രം..തങ്കത്തിന്റെയും സത്താറിന്റെയും സൗഹൃദത്തിന്റെയും തീവ്ര സ്നേഹത്തിന്റെയും

ഹൃദയസ്പർശിയായ അവതരണം..മനുഷ്യർ വ്യത്യസ്തർ ആയിരിക്കും എന്ന സത്യം അംഗീകരിക്കാൻ മടിക്കുന്ന സമൂഹത്തിന്റെ നേർകാഴ്ച.. സത്താർ ആയുള്ള കാളിദാസിന്റെ പ്രകടനം പാവ കഥൈകളിലെയും സമീപകാല തമിഴ്സിനിമയിലെയും മികച്ച പ്രകടനങ്ങളിൽ ഒന്നാണ്...ശന്തനുവിന്റെയും ഭവാനി ശ്രീയുടെയും പ്രകടനങ്ങൾ അവരെ വേണ്ടവിധം ഇനിയും സിനിമ ഉപയോഗ പെടുത്തിയില്ല എന്നുള്ളതിന്റെ ഓർമപ്പെടുത്തൽ ആണ്..

ജോമോൻ ടി ജോണിന്റേതാണ് ദൃശ്യങ്ങൾ.. സംഗീതം ജസ്റ്റിൻ പ്രഭാകരൻ..

ലവ് പണ്ണ ഉട്രനും

----------------------------

വിഘ്നേശ് ശിവൻ ഒരുക്കിയ ചിത്രം.. സ്വഭാവത്തിലും ജീവിതരീതികളും ഒക്കെ വ്യത്യസ്തരായ ഇരട്ട സഹോദരിമാരുടെ നാട്ടു നടപ്പിന് എതിരായ "അവിശുദ്ധ " പ്രണയവും അതവരുടെ ജീവിതത്തെ എങ്ങനെ ബാധിക്കും എന്നുള്ളത് ഒക്കെ ആണ് പ്രമേയം... സഹോദരിമാരെ വിശ്വസനീയമായി അവതരിപ്പിച്ചിരിക്കുന്നത് അഞ്ജലി ആണ്.. ഛായാഗ്രഹണം തേനി ഈശ്വർ ആണ് നിർവഹിച്ചിരിക്കുന്നത്...സംഗീതം അനിരുദ്ധിന്റേതാണ്..

കൂട്ടത്തിൽ അല്പം നിരാശ തോന്നിയ ചിത്രം...

വാൻമകൾ

---------------------

ഗൗതം മേനോന്റെ കൈയൊപ്പ് പതിഞ്ഞ ചിത്രം... വളരെ സന്തോഷത്തോടെ ജീവിതം നയിക്കുന്ന, അച്ഛനും അമ്മയും മകനും രണ്ട് പെണ്മക്കളും അടങ്ങുന്ന, യഥാസ്ഥിതികരായ ഒരു കുടുംബത്തിൽ ഉണ്ടാകുന്ന ഒരു ദുഃഖകരവും ക്രൂരവും ആയ ഒരു സംഭവം ആ കുടുംബത്തെ ഉലയ്ക്കുന്നതും തുടർന്ന് അവരിൽ ഓരോരുത്തരുടെയും മനോ വ്യാപാരങ്ങളിലൂടെയും ആണ് ചിത്രം മുന്നോട്ടു പോകുന്നത്...വളരെ പ്രധാനപ്പെട്ട, വളരെ അധികം ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയം ആണ് ചിത്രം കൈകാര്യം ചെയ്യുന്നത്...ഗൗതം മേനോൻ ശൈലിയിൽ ഉള്ള ക്ലൈമാക്സ് വാന്മകളെ മറ്റു ചിത്രങ്ങളിൽ നിന്നും വിഭിന്നമാക്കുന്നു..

ഗണേഷ് രാജവേല് ആണ് ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത്.. സംഗീതം നൽകിയിരിക്കുന്നത് കാർത്തിക് ആണ്..

ഊർ ഇരവ്

--------------------

വെട്രിമാരന്റെ ചിത്രം... അവതരണത്തിലെ സ്വാഭാവികതയും

തീവ്രതയും കൊണ്ട് കൂട്ടത്തിൽ കണ്ടിരിക്കാൻ ഏറ്റവും പ്രയാസം തോന്നിയ ചിത്രം...സമൂഹവും ചുറ്റുപാടുകളും ജാതിവ്യവസ്ഥയും ദുരഭിമാനവും ഒക്കെ ചേർന്ന് തീർത്ത മതിലുകൾക്കുള്ളിൽ തളയ്ക്കപ്പെട്ട, കുറ്റങ്ങളും കുറവുകളും ഉള്ള പച്ചയായ ം മനുഷ്യൻ ആയ ഒരു അച്ഛന്റെയും അയാളുടെയും സമൂഹത്തിന്റെയും മുൻപിൽ തോറ്റു പോയ ഒരു മകളുടെയും കഥ... ചങ്കിൽ ഒരു കഠാര കുത്തി ഇറക്കിയത് പോലെ തോന്നും ചിത്രം കണ്ടു തീരുമ്പോൾ... പ്രകാശ് രാജിന്റെയും സായി പല്ലവിയുടെയും അതി മനോഹരമായ പ്രകടനം...

ജാതി വ്യവസ്ഥയുടെ വികൃതവും അശ്ലീലവും ആയ മുഖം അങ്ങേയറ്റം സത്യസന്ധമായി തുറന്നു കാണിക്കുന്ന ചിത്രം... ശക്തമായ രാഷ്ട്രീയം വെട്രിമാരൻ സിനിമകളുടെ പ്രത്യേകത തന്നെയാണ്..

ഛായാഗ്രഹണം സുരേഷ്ബാല.. സംഗീതം ആർ. ശിവാത്മിക...

എല്ലാവരും തീർച്ചയായും കണ്ടിരിക്കേണ്ടതും എന്നാൽ ഈ ആന്തോളജി ചിത്രത്തിനായി തിരഞ്ഞെടുത്തിരിക്കുന്ന വിഷയത്തിന്റെ പ്രത്യേകത കൊണ്ടും അവതരണത്തിന്റെ തീവ്രത കൊണ്ടും അവിശ്വസനീയമാം വിധം വിശ്വസനീയം ആയ പ്രകടന മികവ് കൊണ്ടും കണ്ടിരിക്കാൻ മനസ്സിന് തീർത്തും അസുഖകരമായ ഒരു സുഖം നൽകുന്ന ചിത്രം.. അതാണ് പാവ കഥൈകൾ...

***ഊർ ഇരവ് കണ്ടതിനു ശേഷം മാത്രം വാന്മകൾ കാണുക